DESPATCHED
On.8/2/22

31/01/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001


ഫോൺ: 0471 2561603, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in


**ഹർജി നമ്പർ AP No. 2214 (4)/16 /എസ്.ഐ.സി.**

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.14465 /എസ്.ഐ.സി–ജി2/2016 )**

**ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**തീയതി: 31.01.2022**

ശ്രീ. മഠത്തിൽ ചന്ദ്രൻ,
പൊക്കിനാളിൽ, പറമ്പിൽ.പി.ഒ.,
കോഴിക്കോട്– 673 012. — അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർ &
സെക്രട്ടറി,
കക്കോടി ഗ്രാമപഞ്ചായത്ത്,
കക്കോടി.പി.ഒ., കോഴിക്കോട്.
2. അപ്പീൽ അധികാരി &
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,
കോഴിക്കോട്– 673 020.

— എതിർകക്ഷികൾ

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ 11.07.2016 ൽ ഒന്നാം എതിർകക്ഷിക്ക് നൽകിയ വിവരാവകാശ അപേക്ഷയിൽ, ഒന്നാം എതിർകക്ഷിയുടെ ഓഫീസ് പരിധിയിലുള്ള അംഗനവാടിയിലെ മരം മുറിയ്ക്കുന്നതുമായി ബന്ധപ്പെട്ട വിവരങ്ങൾ കൃത്യമായി ലഭിച്ചില്ലായെന്നു പരാതിപ്പെട്ടിരിക്കുന്നു.

2) ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ 30.07.2019 ൽ കോഴിക്കോട് കളക്ടറേറ്റിൽ വെച്ച് ഹിയറിംഗ് നടത്തി. തന്റെ ഒന്നാം ചോദ്യത്തിനു മാത്രമാണ് കൃത്യമായ മറുപടി ലഭിച്ചതെന്ന് അപ്പീൽ ഹർജിക്കാരൻ പറഞ്ഞു. ഒന്നാം അപ്പീലിന്റെ നേർ വിചാരണയ്ക്ക് ഓഫീസിൽ ഹാജരുണ്ടായിട്ടും, തന്നെ വിളിയ്ക്കാതെ, ഹാജരായില്ല എന്നു രേഖപ്പെടുത്തിയെന്നും, പരസ്യം കൊടുക്കാതെയും, വളരെ രഹസ്യ

മായിട്ടുമാണ് മരം മുറിച്ചു മാറ്റിയതെന്നും അപ്പീൽ ഹർജിക്കാരൻ പറഞ്ഞു. കെട്ടിടത്തിന്റെ പ്ലാൻ കാണാതാക്കിയതും കുട്ടികൾ ഉപയോഗിക്കുന്ന കക്കൂസിന്റെ തടസ്സം നീക്കാതെ വർഷങ്ങളോളം നീട്ടികൊണ്ടുപോയതും ദുരൂഹമാണെന്നും ടിയാൻ പറഞ്ഞു.

3) അപേക്ഷയിലെ മുഴുവൻ ചോദ്യങ്ങൾക്കും 05.08.2016 ൽ തന്നെ മറുപടി നൽകിയിട്ടുള്ളതാണെന്നും, പിന്നീട് ഒന്നാം അപ്പീലിന്റെ വിചാരണവേളയിൽ അപേക്ഷകൻ ഹാജരായില്ലെന്നും, ടിയാൻ വിവരങ്ങൾ ആരായുന്നതിലും ഉപരിയായി ആരോപണങ്ങൾ ഉന്നയിക്കുകയും, പരാതി ബോധിപ്പിക്കുകയുമാണ് ചെയ്യുന്നതെന്നും, ടിയാൻ 11.07.2016 ലെ വിവരാവകാശ അപേക്ഷയിൽ ചേർക്കാതിരുന്ന കാര്യങ്ങൾ 16.11.2016 ലെ അപ്പീലിൽ ഉൾക്കൊള്ളിച്ചുണ്ടെന്നും, ഇതു നിയമപരമല്ലെന്നും ഒന്നാം എതിർകക്ഷി പറഞ്ഞു. അപേക്ഷകൻ പറയുന്ന മൂത്തേടത്ത് അംഗനവാടി മോണിറ്ററിംഗ് & സപ്പോർട്ട് കമ്മിറ്റി രൂപീകരണ യോഗം 15.07.2016 ന് അംഗനവാടിയിൽ ചേർന്നിരുന്നുവെന്നും, കമ്മിറ്റി അംഗങ്ങളെ മേൽ യോഗത്തിൽ ഭൂരിപക്ഷ തീരുമാന പ്രകാരമാണ് നിയമിച്ചതെന്നും, ഭൂരിപക്ഷ തീരുമാനം എതിരായിരുന്നതിനാലാണ് അപേക്ഷകൻ ഒഴിവാക്കപ്പെട്ടതെന്നും, അപേക്ഷകൻ പരാമർശിക്കുന്ന കക്കൂസ് നിലവിൽ ഉപയോഗയോഗ്യമാണെന്നും ഒന്നാം എതിർകക്ഷി പറഞ്ഞു.

4) എന്നാൽ, കെട്ടിടത്തിന്റെ പ്ലാൻ ലഭ്യമല്ലായെന്ന ഒന്നാം എതിർകക്ഷിയുടെ മറുപടി അംഗീകരിക്കാൻ കഴിയുന്നതല്ല. പ്ലാൻ ലഭ്യമല്ലായെങ്കിൽ, ആയത് എങ്ങനെ ലഭ്യമല്ലാതായി എന്ന് അപേക്ഷകന് ബോധ്യപ്പെടുന്നവണ്ണം മറുപടി നൽകേണ്ടതാണ്.

5) ആയതുകൊണ്ട്, ഇക്കാര്യം വ്യക്തമാക്കികൊണ്ടുള്ള മറുപടി അപ്പീൽ ഹർജിക്കാരൻ ഉത്തരവ് കൈപ്പറ്റി പതിനഞ്ചു ദിവസത്തിനകം നൽകേണ്ടതാണ്. മേൽപ്പറഞ്ഞ പ്രകാരം അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ച് ഇന്നേ ദിവസം 31.01.2022 ന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഒപ്പ്)**
**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

STATE INFORMATION COMMISSION THIRUVANANTHAPURAM

Va